# ഇന്ത്യയുടെ കരച്ചിൽ

KUMARAMANDIRAM LIBRARY
NO B/678
AYYANTHOLE, TRICHUR.

Digitized By Kerala Sahitya Akademi

# ഇന്ത്യയുടെ കരച്ചിൽ

ഗ്രന്ഥകർത്താ:
വള്ളത്തോൾ.

1944 ആഗസ്റ്റ്.

കോപ്പി 2000 വില 6ണ.

Digitized By Kerala Sahitya Akademi

പകർപ്പവകാശം
ഗ്രന്ഥകർത്താവിന്നു്.

40864

വിദ്യാവിനോദിനി പ്രസ്സ്, തൃശ്ശിവപേരൂർ.

പ്രകാശകന്മാർ:
വെള്ളിനേഴിപ്രസിദ്ധീകരണശാല.

Digitized By Kerala Sahitya Akademi

B/678

## ഒന്നാംപതിപ്പിന്റെ

# അവതാരിക

"ഇന്ത്യയുടെ കരച്ചിൽ" എന്ന തലക്കെട്ടിൽ, ആ പേരിലുള്ള ഹൃദയസ്പൃക്കായ കവിതയും മറ്റു രണ്ടു കവിതകളും കൂടിച്ചേർന്ന്, അഖിലമലബാർ സ്റ്റാൻഡിങ്ങ്കമ്മിറ്റിയുടെ പ്രസാധനത്തിൻകീഴിൽ പുറത്തിറങ്ങുന്ന ഈ കാവ്യത്രയം "അധ്യാപകൻ" പബ്ലിഷിങ്ങ് ഹൌസ് പുറത്തിറക്കുന്ന ഒന്നാമത്തെ പുസ്തകമാണെന്നതിൽ ഞാൻ അഭിമാനംകൊള്ളുന്നു.

"മഹാകവികൾ അവരുടെ ചരിത്രകാലത്തെയാകമാനം ഉജ്ജ്വലിപ്പിക്കുന്നു; സാധാരണകവികൾ അവരുടെ കാലത്തിന്റെ തേജഃകിരണങ്ങളെ പ്രതിബിംബിപ്പിച്ചു കാണിക്കുന്നു" എന്ന് ഒരു പാശ്ചാത്യചിന്തകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. വള്ളത്തോൾ വളരെക്കാലം നമ്മുടെ ദേശീയസ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ ജീവസ്സിനെയും തേജസ്സിനെയും തന്നിലും തന്റെ കലാസൃഷ്ടികളിലും പ്രതിബിംബിപ്പിച്ചു കാണിക്കുക മാത്രമല്ല, അതിനെ തന്റെ ഉജ്ജ്വലമായ തൂലികകൊണ്ടു സ്വന്തമായി—സ്വന്തം രീതിയിൽ—നയിച്ചിട്ടുമുണ്ട്, എപ്പോഴും ഉത്തേജിപ്പിച്ചിട്ടുമുണ്ട്. അദ്ദേഹത്തിന്റെ "പോരാ, പോരാ, നാളിൽ നാളിൽ ദൂരദൂരമുയരട്ടെ" എന്ന സ്വാതന്ത്ര്യപതാകാഗാനം 1930-31-32 കൊല്ലങ്ങളിൽ എത്രയെത്ര പതാകാവന്ദനത്തിന്ന് എത്രയെത്ര ദേശാഭിമാനംകൊണ്ടു ഗൽഗദംപൂണ്ട കണ്ഠങ്ങൾ പാടിയിട്ടില്ല! അദ്ദേഹത്തിന്റെ "മടങ്ങിപ്പോരുവിൻ നിങ്ങൾ മറുനാടൻതുണി വാങ്ങാൻ മടി

Digitized By Kerala Sahitya Akademi

ജ്ജ്ല തുറക്കാതെ, മാനം പോകാതെ" എന്ന പിക്കററിങ്ങ് ഗാനം എത്രയെത്ര വിദേശവസ്ത്രഷാപ്പുകളുടെ മുമ്പിൽവെച്ചു കുട്ടികൾപോലും പാടിയിട്ടില്ല! ഐക്യത്തെക്കുറിച്ചും സ്വാതന്ത്ര്യത്തെക്കുറിച്ചും സർവ്വമതസാഹോദര്യത്തെക്കുറിച്ചും, ഈ വക ഉന്നതാദർശങ്ങളിലെല്ലാംതന്നെ ഭാരതീയരും കേരളീയരും പണ്ടേക്കുപണ്ടേ പരമ്പരാഗതമായി മുൻനിന്നതിനെക്കുറിച്ചും മഹാകവി വള്ളത്തോൾ എഴുതിയ കോരിത്തരിപ്പിക്കുന്ന കവിതകൾ മാതൃഭൂമിയുടെ മുലപ്പാലെന്നോണം കുടിച്ചുവളർന്നവരാണ് കേരളീയർ; അതുകൊണ്ടു തടിച്ചുകൊഴുത്തതാണ് ശൈശവത്തിൽനിന്നു യൌവനത്തിലെത്തിയിട്ടുള്ള നമ്മുടെ ദേശീയപ്രസ്ഥാനം. ഇത്തരം എത്രയോ കവിതകൾ കേരളത്തിലെ ഭാവിപൌരന്മാരെ പഠിപ്പിക്കുവാൻ എത്രയോ അധ്യാപകന്മാർക്കുതന്നെ ഭാഗ്യമുണ്ടായിട്ടുണ്ട്.

എന്നാൽ ഈ ലഘുപുസ്തകം (അതിൽ ടിപ്പണിയും മററും എഴുതിച്ചേർക്കാൻ സാധിച്ചിട്ടില്ല) മലയാളകവിതയുടെയും വള്ളത്തോൾക്കവിയുടെതന്നെയും ചരിത്രത്തിൽ നവീനമായ—പൂർവ്വാധികം ഉജ്ജ്വലമായ—ഒരു അധ്യായത്തെയാണ് കുറിക്കുന്നതെന്നു ഞാൻ വാദിക്കും. അടുത്ത അഞ്ചെട്ടു വർഷങ്ങളായി മലയാളസാഹിത്യമാകെ നിശ്ചേഷ്ടതയിലും നിർജ്ജീവതയിലും പൂഴ്ന്നുകിടക്കുകയായിരുന്നു. ഒരു സഞ്ജയനോ ഒരു ചങ്ങമ്പുഴയോ പേരെടുത്തിട്ടുണ്ടാവാം; എങ്കിലും കേരളത്തിലെ കാവ്യലോകത്തിലാകെ ഇയ്യിടെയായി ഒരു മാന്ദ്യം സ്പഷ്ടമായിത്തീർന്നു; അനിഷേധ്യമായിത്തീർന്നു. സുന്ദരവും സുരഭിലവുമായ പദങ്ങൾ ആകർഷണീയമാംവിധം അണിനിരത്തിക്കൊണ്ടുള്ള വ്യർത്ഥമായ പ്രേമഗാനങ്ങൾ പത്രപംക്തികളും മാസികാപംക്തികളും വഴിഞ്ഞൊഴുകി. നല്ല രസമുള്ള മദ്യലഹരി; പക്ഷേ, കവിക്കും വായനക്കാർക്കും ഒരു

Digitized By Kerala Sahitya Akademi

പോലെ തലക്കു ലക്കില്ലാതായിത്തീരുന്നു! അവസാനം ആളുകൾ ചോദിക്കും: ''എന്തോ നാം കേട്ടതു്?'' ഒരു വല്ലാത്ത കാലം! പഴയ വള്ളത്തോൾ ശബ്ദിക്കാതായി. പഴയ ശങ്കരക്കുറുപ്പു മിസ്റ്റിക് കവിയായി. "കണ്ണുനീർത്തുള്ളി''യുടെ കർത്താവു ''ചക്രവാള''മെഴുതി. സരസമായ വാദപ്രതിവാദങ്ങളും, ആശയപരമായ വടംവലികളും (ജീവൽസാഹിത്യം വേണമോ, വേണ്ടയോ; കല കലക്കുവേണ്ടിയാണോ അല്ലയോ; മുതലായതു്), ഗൌരവപൂർണ്ണമായ കുറെ വിമർശനസാഹിത്യവും, ഉള്ളത്തുകയറുന്ന കുറെ പരിഹാസശകലങ്ങളും, നല്ല കലാശില്പത്തോടുകൂടിയ കുറെ ചെറുകഥകളും (ഉദാ: പൊററക്കാടിന്റെ ചെറുകഥകൾ), വിരലിന്മേലെണ്ണാവുന്ന ചില സജീവഗദ്യനാടകങ്ങളും (ഉദാ: ദാമോദരന്റെ "പാട്ടബാക്കി''), എന്നെപ്പോലുള്ളവർക്കിഷ്ടമുള്ള കുറെ ബഹുജനഗാനങ്ങളുമാണു് ഈ മാന്ദ്യത്തിന്റെ മദ്ധ്യത്തിൽപ്പോലും മലയാളഭാഷയുടെ ഹൃദയത്തുടിപ്പു നിലനിർത്തിയതു്. ആളുകൾ ഇക്കാലത്തു പറഞ്ഞുതുടങ്ങി: ''വള്ളത്തോൾപോലും വയസ്സനായി; അദ്ദേഹത്തിന്റെ കവിത ചത്തു.''

പക്ഷേ, വള്ളത്തോളിന്റെ വാദ്ധക്യം അദ്ദേഹത്തിന്റെ ശരീരത്തെയല്ലാതെ ആത്മാവിനെ ബാധിച്ചിട്ടില്ലെന്നാണു് ഇയ്യിടെയായി അദ്ദേഹം മലയാളകവികൾക്കാകെ വീണ്ടും നല്കാൻ തുടങ്ങിയിട്ടുള്ള നേതൃത്വം വെളിപ്പെടുത്തുന്നതു്. പഴയ വള്ളത്തോൾ പുതിയ ഉത്സാഹത്തോടുകൂടി, പുതിയ ദേശാഭിമാനത്തോടുകൂടി ഇതാ, വീണ്ടും ഉയിർത്തെഴുന്നേററിരിക്കുന്നു. കാരാഗൃഹത്തിന്റെ ഇരുമ്പഴികൾക്കു പിന്നിലിരുന്നു നമ്മുടെ നേതാവായ മഹാത്മജി 21 ദിവസത്തേക്കു് ഉപവാസം തുടങ്ങിയപ്പോൾ, മററു് ഏതൊരു മലയാളകവിക്കാണു് രണ്ടു വാക്കെങ്കിലും ഉരിയാടി മലയാളക്കരയുടെ മാനം

Digitized By Kerala Sahitya Akademi

പുലർത്താൻ കഴിവുണ്ടായതെന്നു ഞാൻ ചോദിക്കുന്നു. "അടിമ ഭാരതത്തിലേക്കു മഹാത്മജി മടങ്ങിവരണ്ട; അദ്ദേഹം മരിക്കുകയാണു് ഭേദം" എന്ന നിരാശ നിറഞ്ഞ മനോഭാവം ചില ദേശാഭിമാനികളെക്കൂടി തീണ്ടിയ ആ ഇരുണ്ട ദിവസങ്ങളിൽ വള്ളത്തോളിന്റെ "ആ പൊട്ടിച്ചിരി" എന്ന കവിത "മാതൃഭൂമി"യുടെ പംക്തികളിൽ തങ്കലിപികളാലെഴുതപ്പെട്ടതുപോലെ മിന്നിത്തിളങ്ങി. പതറാത്ത ഭാഷയിൽ, സ്നിഗ്ദ്ധഗംഭീരമായ സ്വരത്തിൽ, താൻ പണ്ടു പതിവുള്ളപോലെ, ദേശാഭിമാനികൾക്കാകെ അദ്ദേഹം നേതൃത്വം നല്കി:

"അവിടുന്നു ജീവിച്ചിരിക്കുന്നുണ്ടെങ്കി-
ലവശതയിലും സ്വതന്ത്രരിന്ത്യക്കാർ;
അവിടുത്തോടു വേർപെടുകിലോ, മുക്ത്യു-
ത്സവത്തിലുമിവർ തടവുപുള്ളികൾ!"

മഹാത്മജി ഒരിക്കലും മരിക്കരുത്; അദ്ദേഹത്തെ നമുക്കു് വീണ്ടുകിട്ടണം; അദ്ദേഹം പുറത്തുണ്ടെങ്കിലേ ഈ ദുർഘടകാലഘട്ടത്തിൽ ഭാരതവർഷത്തിനു രക്ഷയുള്ളൂ; അദ്ദേഹമുണ്ടെങ്കിലേ സ്വാതന്ത്ര്യംകൂടി ഉള്ളൂ; "എന്റെ ഗുരുനാഥൻ" എഴുതിയ മഹാകവി, 1943 ഫെബ്രുവരിയിൽ, ഇന്ത്യാചരിത്രത്തിന്റെ ഏറ്റവും ഉൽക്കടവും ഉൽക്കണ്ഠാകുലവുമായ നിമിഷത്തിൽ, യാതൊരു സംശയവും കൂടാതെ നമുക്കു നല്കിയ നേതൃത്വമാണിതു്. ഇതല്ലേ കവിത്വം? ഇതില്ലാത്തവൻ എങ്ങിനെയാണു് കവിയാവുക എന്നു ഞാൻ ചോദിക്കുന്നു. ഇന്ത്യയാണിവിടെ സംസാരിക്കുന്നതു്. കേരളത്തിലെ ദേശാഭിമാനികളുടെ ഏറ്റവും വലിയ കവി താൻതന്നെയാണെന്നു് ഒരിക്കൽക്കൂടി വള്ളത്തോൾ വെളിപ്പെടുത്തി.

Digitized By Kerala Sahitya Akademi

## V

അദ്ദേഹമിപ്പോൾ കേരളത്തിലെ "സാഹിത്യദേവി"ക്കു മാത്രമല്ല നാട്ടുകാർക്കാകെ ഒരു പുത്തൻപാരിതോഷികമെന്നവണ്ണം—ഒരനുഗ്രഹമെന്നവണ്ണം—നല്കിയിട്ടുള്ള ഈ ലഘുപുസ്തകത്തിലെ മൂന്നു കവിതകളെപ്പറ്റി ഞാനൊരു വിമർശനമെഴുതാൻ ഉദ്ദേശിക്കുന്നില്ല; ഞാനൊരു വിമർശകനൊട്ടല്ലതാനും. ഇതു മൂന്നും "മാതൃഭൂമി" ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ചിരുന്നതാണ്.

എങ്കിലും ഒരു സംഗതി ഞാൻ പറയും: കവികൾക്കും നാട്ടുകാർക്കും ഇന്നത്തെ നിർജ്ജീവാവസ്ഥയിൽ അത്യന്താപേക്ഷിതമെന്ന് എനിക്കു തോന്നുന്ന ആ നേതൃത്വം—പുരോഗമനപരമായ ആശ, ആവേശം, വിശ്വാസം ഇവ—ഈ മൂന്നു കവിതകളിലും ഞാൻ കാണുന്നു. ഇതിലാദ്യത്തേത്—"ഇന്ത്യയുടെ കരച്ചിൽ"—പഴയ വള്ളത്തോളിന്റെ സ്വരമോ, പുതിയ വള്ളത്തോളിന്റേതോ? രണ്ടും. "എത്രനാൾ കരയിക്കും മാതൃഭൂമിയെ നമ്മൾ?" എന്ന അവസാനത്തെ വരി സാഹിത്യകാരന്മാരുൾപ്പെടെ നമുക്കെല്ലാവർക്കും ഇന്നൊരാഹ്വാനമാണ്. സ്ത്രീകളുടെ ചാരിത്ര്യത്തിന്മേലും കുട്ടികളുടെ പിടയുന്ന ജീവന്മേലും കലാഹർമ്മ്യങ്ങളുടെ മഹിമയിന്മേലും ഒരുപോലെ കാപ്പിച്ചുതുള്ളുന്ന നാസിഫാസിസ്റ്റ്പിശാചുക്കളുടെ മൃഗീയ"സംസ്കാര"ത്തെ തുറന്നുകാട്ടുന്നവയാണ് പിന്നത്തെ രണ്ടു കവിതകൾ. ഇന്ത്യയിലെ മറ്റ് ഏതു യഥാർത്ഥദേശാഭിമാനിയേയുംപോലെ വള്ളത്തോളും ഒരുറച്ച ഫാസിസ്റ്റ്‌വിരോധിയാണ്.

ഇതിലെല്ലാം ഒരു പുതിയ വള്ളത്തോളിനെ, ഒരു പുതിയ മലയാളകവിതയെ—നമ്മുടെ പഴയ എല്ലാ സുന്ദരപാരമ്പര്യങ്ങളുടെയും ഒരു പുതിയ മുന്നേറ്റത്തെ—ഞാൻ ദർശിക്കുന്നു.

Digitized By Kerala Sahitya Akademi

ള്ളൂ കാണുമ്പോൾ, എന്താപത്തിൽക്കൂടിയും നമ്മുടെ നാടു മുമ്പോട്ടു നീങ്ങുമെന്ന് എനിക്കുറപ്പു തോന്നുന്നു; നമ്മുടെ കവിതയും സാഹിത്യവും പുതിയ പുതിയ മാർഗ്ഗങ്ങളിലൂടെ ചരിക്കാൻ പോവുകയാണെന്ന്, ഒരു പഴയ സാഹിത്യപ്രേമിയെന്ന നിലയിൽത്തന്നെ ഞാനാശിക്കുന്നു.

കോഴിക്കോട്
19—9—1943.

ടി. സി. നാരായണൻനമ്പ്യാർ.

Digitized By Kerala Sahitya Akademi

# പ്രസ്താവന


ഞങ്ങളുടെ രണ്ടാമത്തെ പ്രകാശനമാണ് "ഇന്ത്യയുടെ കരച്ചിൽ." ഈ നക്ഷത്രം മലയാളസാഹിത്യനഭോമണ്ഡലത്തിൽ ഇതിനുമുമ്പുദിച്ചുകഴിഞ്ഞതാണ്. എന്നാൽ മഹാത്മാഗാന്ധിയുടെ നിരാഹാരവ്രതകാലത്ത് മഹാകവി എഴുതിയ "പൊട്ടിച്ചിരി" ഇതുദയത്തിന്റെ പ്രത്യേകതയാണ്.

വെള്ളിനേഴിപ്രസിദ്ധീകരണശാലക്ക കാലുറച്ചിട്ടില്ല. അവൾ "കസ്തൂർബാ"യുടെ മാറിടത്തിൽ നീന്താൻ പഠിച്ചു. മഹാകവിയുടെ കൈ പിടിച്ച് അവളിന്നു പിച്ചനടക്കൽ പരിശീലിക്കയാണ്. വായനക്കാരുടെ വാത്സല്യമാണ്, ഇനി അവളെ ഒക്കത്തേറ്റി ഓമനിക്കേണ്ടത്.

വെള്ളിനേഴി
10—8—'44.

പ്രകാശകന്മാർ.

Digitized By Kerala Sahitya Akademi



Digitized By Kerala Sahitya Akademi

# ഇന്ത്യയുടെ കരച്ചിൽ

([illegible]൧൧)

പിന്നെയും പുറപ്പെട്ടു തീവണ്ടിയ്ക്കകത്തതാ,
ജന്നൽ പൊറമണ്ടായ്വന്നു ചെറുതാമൊരു സത്വം.
അക്ലേശശരീരത്തിൽപ്പതിഞ്ഞു, വീർപ്പും മുട്ടി-
ത്തിക്കിക്കൊണ്ടിരിയ്ക്കുന്ന യാത്രക്കാരുടെ നേത്രം:
കള്ളന്മാർ പുറത്തുനിന്നെറിഞ്ഞ ചളിയല്ല;
മൂളുന്ന കാററിൽപ്പാറി വീണ കല്ക്കരിയല്ല;
തേപ്പുകാരുടെ കീലിൻകോലല്ല; മർത്ത്യന്മാരേ,
മൂപ്പെത്താതൊരു മർത്ത്യൻതാനാണിക്കറുമ്പനും.

കൈച്ചീട്ടുനോക്കുന്നോർതൻ ദൃഷ്ടിൽപ്പെടായ്വാനോ,
പൂച്ചപോലററം പങ്ങിക്കിടന്ന ച്ചെറുമർത്ത്യൻ
ഒട്ടിടയ്ക്കുള്ളിലെഴുന്നേററുനിന്നത്തു, നിത്യ-
പ്പട്ടിണിയുടെയൊരു കരിങ്കൽബ്ബിംബംപോലെ,
പുഷ്ടദാരിദ്ര്യത്തിയ്യാൽപ്പൊന്തിയ പുകപോലെ,
കഷ്ടമാമിരപ്പിൻെറ കാരിയവടിപോലെ!
രക്തമാംസാദിച്ചേച്ചയേറെയില്ലിഗ്ഗാത്രത്തിൽ:
വൃദ്ധനായിട്ടാണവൻ പിറന്നതെന്നേ തോന്നു;
ഇത്തിരി പഴന്തുണിയുണ്ടു തന്നരക്കെട്ടിൽ;—
ബദ്ധനൃത്യാശാവശരാകുത്തും വാപൊളിച്ചല്ലോ നിന്നു!

Digitized By Kerala Sahitya Akademi

ആ വണ്ടിമുറിയിലെസ്സഭ്യരിലെല്ലാം, താഴ്മ-
താവിന കണ്ണൊന്നോടിച്ചാ,രു പുഞ്ചിരി തൂകി,
ആവതുമുയർത്തിയ കണ്ഠമോടെ,ന്തോ പാടാൻ
ഭാവിച്ചാനൊ,രു പോന്ന ഗായകൻപോലബ്ബാലൻ.
തൂമധുദ്രവമൊന്നങ്ങൊഴുകീ, വൈദേഹത്താ-
ലാമൂലം വരണ്ട തത്തൊണ്ടയിൽനിന്നെമ്പാടും-
ഹാ, മറ്റെ,ന്തഭാഗ്യതാക്ലിഷ്ടമെങ്കിലുമതു
സാമവേദത്തെപ്പാടിപ്പോന്ന നാടിന്റേതല്ലോ.
എങ്ങെങ്ങു തഴയ്ക്കില്ല കമ്രമാം കലാസസ്യം,
മംഗളമസൃണമാം ഭാരതക്ഷിതൻ മന്നിൽ?

ഒട്ടിയ വയററത്തു കൈകകളാൽ മൃദംഗവും
കൊട്ടിക്കൊണ്ടൊരു സദിരങ്ങവൻ നടത്തിനാൻ:
കൃത്രിമേതരമായി,സ്സുസ്വരമധുരമായ്,
ക്ഷുത്തിനാൽപ്പുറപ്പിയ്ക്കപ്പെട്ടതാം തത്സംഗീതം
വിദ്രുതഗതിയായ വണ്ടിതൻ കടകടാ-
പ്രധ്വാനിയ്ക്കിടിപെടാതുയർന്നു ക്രമത്താലേ.
അക്ഷരമെന്തായാലുമഗ്ഗീതിയ്ക്കിതാണർത്ഥം:
ഭക്ഷണമില്ലാഞ്ഞെ,ല്ലും തോലുമായ്ത്തീർന്നോനിവൻ;
കുക്ഷിയിൽ തീ കത്തുന്നു; ജോലി വല്ലതും തന്നു
രക്ഷിയ്ക്കുവാനില്ലാരും — ദയചെയ്യേജമാനന്മാർ!
ദാരിദ്ര്യം കിളിർത്തുപോൽ കർമ്മഭൂഖണ്ഡത്തിലും;
കൂറിപോൽ 'ഞാൻ, നീ'യെഴക്കദ്വൈതപ്പരപ്പിലും;
കേറിപോലുപനിഷദ്രാജ്യത്തുമജ്ഞാനം — ശരി,
പാരതന്ത്ര്യമേ, ധ്വാന്തം തേച്ചു നീ സൂര്യങ്കലും!

Digitized By Kerala Sahitya Akademi

ഹൃഷ്ടരായ് തലയാട്ടിശ്രോതാക്കളെ;-നാൽക്കാണ-
പ്പെട്ടതില്ലതിൽ, സ്സാധുഗായകന്നഭിമാനം;
കുട്ടിതൻ മാട്ടംഗികകൈക്കൈകളിൽ വീണില്ലെന്നി-
ല്ലെട്ടുപത്തോളം കാശ്ശും: വെല്ക നീയനുകമ്പേ!
എത്രയും രസിപ്പിച്ചു നമ്മളെയിവനെ;-നാൽ
മിത്രരേ, നാമിക്കേട്ടതൊരു കൌമാരപ്പാട്ടോ?
ഇത്രയുമധികവും വലഞ്ഞ ബഹുകോടി-
പ്പുത്രരാൽപ്പരീതയാമിന്ത്യതൻ കരച്ചിലോ?
കുഞ്ഞിൻെറ കലാഢ്യമാം കണ്ഠവും കയ്യുമിതാ,
കുഞ്ഞിക്കായ് ക്കുഴയ്ക്കുന്നു, കൊററവുതപ്പുന്നു ചുററം;
ഈ വൈപരീത്യം തന്നെ പോരെയോ, വിശ്വപ്രേമം
പാവിയ നെട്ടംകണ്ണിൽച്ചുടുനീർ കിനിയിപ്പാൻ?
നിത്തിയാൽക്കൊള്ളാം സ്വത്ത്; നേടിയാൽക്കൊള്ളാം
യോജി-
പ്പും-സ്സൂമന്തിയാൽക്കൊള്ളാമധർമ്മമർമ്മത്തെയ്യാൻ:
ക്ഷുദ്രരായലസരായ് സ്വാർത്ഥൈകപ്രസക്തരാ-
യെത്ര നാം കരയിപ്പും മാതൃഭൂമിയെ നമ്മളാം!

Digitized By Kerala Sahitya Akademi

# വാസ്തവം തന്നെയോ?

നേർതന്നെയോ, കറുകറുത്ത ലിപിവ്രജത്തി-
ലീ നാട്ടുപത്രിക നിരത്തിയ നീചവൃത്തം?
ടോൾസ്റ്റോയ്ഗൃഹത്തെയുമെരിച്ചു പുകച്ചുവെന്നോ,
റഷ്യാരിപുക്കളുടെ ദുശ്ചരിതാഗ്നിഗോളം? 1

പോരാണ്ട പള്ളികളെയും വ്യവസായവിദ്യാ-
ധാമങ്ങളാക്കിയ നവീനമതസ്ഥർപോലും
സൽക്ഷേത്രമായ്ക്കരുതിയർച്ചനചെയ്തുപോന്ന-
തത്രേ, വിശുദ്ധികരമിഗ്ഗുരുവിൻ നികേതം. 2

യാതൊന്നു മാനുഷനെ രാക്ഷസനാക്കിടുന്ന
മാംസാശനത്തെ, മൃഗപക്ഷിവിഹിംസനത്തെ
വെട്ടിക്കളഞ്ഞു, പകരം പരമാനുകമ്പാ-
ദിവ്യാക്ഷരങ്ങളെയെടുത്തെഴുതീ വെടുപ്പിൽ, 3

അത്തുവ്വലാകുമൊരകൃത്രിമയോഗദണ്ഡു
കൈക്കൊണ്ടിരുന്ന യതിതന്നനഘാശ്രമത്തിൽ
രക്താഭിഷേകമൊടു മാംസഗണം നിവേദി-
ച്ചത്രേ നടത്തി പരിപൂജന'മാര്യ'മുഖ്യർ! 4

തീയ്യുണ്ടയിട്ടു, പതിവിൻപടി യജ്ഞശാല
ക്കത്തിയ്ക്കയാം ക്രിയയുമങ്ങു കഴിച്ചുപോലും;

Digitized By Kerala Sahitya Akademi

ഇക്കർമ്മകാണ്ഡപരർ ചെയ്തു കാത്തിരിക്കു-
ന്നങ്ങാമമുത്ര പുഷ്ടതാമൊരു പുണ്യരാജ്യം! 5

കേറിത്തൊടില്ല വിലയാഗ്നിയുമത്ര തേജ-
സ്സുണ്ടാം, പ്രശാന്തികുടികൊണ്ട ഗൃഹത്തിനുള്ളിൽ
ജന്മന്റെ രിഷ്ഠിനത്തുമിങ്ങൊരുണക്കിലച്ചാ-
ത്താ;-ഹന്ത, തൃഷ്ണയുടെ നേത്രരുജാവിശേഷം! 6

ടോൾസ്റ്റോയി റഷ്യയുടെമാത്രമൊരുത്തനാണെ-
ന്നല്ലോ ഗണിച്ചു, രണമത്ര പിടിച്ച നിങ്ങൾ;
അദ്ദേഹമൂഴിവലയത്തിലെയേതു നാട്ടി-
നാരാധ്യനല്ല, ഗുരുവല്ല, കവീന്ദ്രനല്ല! 7

ആ റഷ്യതന്റെയഭിമാനസമുച്ചയത്തിൻ
മീതേ കിളിന്നു, കൃതകാനലകീലജാലം;
മറ്റെന്തു, ചൊല്ലു?-മതു നാസികുചേഷ്ടിതത്തെ-
ച്ച ടിച്ചു ഹേമമയമാമൊരു തൃക്കിരീടം! 8

ഉണ്ടായിരുന്നു, പതിനായിരമത്യുദാര-
ഗ്രന്ഥങ്ങളിഗ്ഗുരുവരായതനത്തിലത്രേ;
അദ്ദേവിസാഹിതിയതാ, ദവവഹ്നിതിങ്ങും
മാന്മേടതൻ ഭയവിമൂർച്ഛ പഠിച്ചറിഞ്ഞു! 9

ഇപ്പുസ്തകങ്ങൾ മുഴുവൻ, ജഡമാമഹിംസാ-
ധർമ്മത്തെ വാഴ്ത്തിന നപുംസകരെന്നുവെച്ചാ
ഭസ്മീകരിപ്പതിനൊരുങ്ങി, ജയച്ചെടിക്കു
ഹിംസാവളം വിതറുമപ്പരുപൗരുഷന്മാർ! 10

Digitized By Kerala Sahitya Akademi

നിർത്താം വചോജനനി, നിൻമണിവീണമീട്ടൽ
നോവിയ്ക്കവേണ്ട ചെറുത മൃദുവാം കരാഗ്രം;
പിരങ്കിതൻ ചടചടാരടിതങ്ങൾകൊണ്ടേ
ചേരൂ, നവീനരസികൎക്കൊരു കൎണ്ണസൌഖ്യം! 11

ധീശക്തിതൻ ശതശതാബ്ദപരിശ്രമത്താൽ
വിശ്വപ്പരപ്പിനു മുളച്ചുവളൎന്ന സസ്യം
വൈരാഗ്നികൊണ്ടഹഹ ചുട്ടുകരിപ്പതിന്നു
കൈചെല്ലുമോ ചെറുമനായ്ക്കവകൎക്കുകാക്കും? 12

എന്തിന്നി നിങ്ങളുടെ ദുൎമ്മദതയ്ക്കു ജൎമ്മൻ-
പോരാളരേ, ജഗതി ചെയ്യരുതാത്തതായി?
ശേഷിച്ചിരുന്ന ചെറുതാകിയ കയ്യറപ്പും
നിങ്ങൾക്കു തീൎന്നു—വിജയിച്ചു കഴിഞ്ഞു നിങ്ങൾ! 13

അബ്ഭാരതീനിലയനത്തിലെരിഞ്ഞ ചെന്തീ-
യൊട്ടൊട്ടടങ്ങി, യപചാരഭയാൽക്കണക്കേ;
നിൻനെഞ്ചിലോ, സ്വസുതദൌഷ്ട്യമിതിന്റെ ചൂടെ-
ന്നാറുന്നു ഗീഥെയുടെ താദൃശജന്മഭൂവേ? 14

പോൎക്കപ്പലല്ല, പടയല്ല, വിമാനമല്ല,
തോക്കല്ല, നിങ്ങളുടെ നാട്ടിനു മേന്മ കൂട്ടീ,
ഈദൃക്കവിചിന്തകർ ജനിച്ചതുമൂലമല്ലോ,
പ്രായേണ ജൎമ്മനി ജഗത്തിൽ മതിപ്പുനേടി. 15

‘സംസ്കാരമാണു, നരജീവിതലക്ഷ്യമെ’ന്നാ-
ഗ്ഗീഥേകവീന്ദ്രനുടെ ചൊല്ലിനു ചേൎന്നതാമോ

Digitized By Kerala Sahitya Akademi

വേണ്ടാതെ, ശാന്തതയിൽ മേവിന നാട്ടിലൊക്കെ
വേട്ടക്കു പാഞ്ഞണയുകെന്ന കിരാതധൎമ്മം? 16

ഏങ്ങാനുമേതൊരുവനോ പിഴചെയ്തിന്നു, .
കണ്ടെത്തുമാളുകളെയൊക്കെ നിരത്തിനിൎത്തി,
മേല്ക്കോയ്മകാട്ടി വെടിവെച്ചു മരിക്കയാണെ-
ങ്ങാൎത്തപമെങ്കിൽ, നിലനില്ക്കനാൎത്തേ, നീ! 17

ചുമ്മാകയക്കൽ, വെടിവെയ്ക്കൽ, വിഷംപൊഴിക്കൽ,
കയ്യേറൽ, കൊള്ളയിടലൊക്കെ യഥേഷ്ടമാകാം
നാട്ടാൎക്കപേക്ഷയിതുമാത്രം:—'മയച്ചിടായ്കി-
പ്രജ്ഞാനമൂൎത്തിയുടെ നെഞ്ചിനു പാവകാസ്ത്രം!' 18

ചെങ്കോല്ക്കൾതൻ പെരുമ താണുതുടങ്ങി; മേലിൽ
മൎത്ത്യനു മൎത്ത്യനടിപെട്ടു കിടക്കുകില്ല!
ഉദ്ബുദ്ധമായ് പ്പിറപിറക്കുവതുണ്ടിവന്റെ-
യാത്മാവു: ലോകമിതയാൾക്കുമെനിക്കുമൊപ്പം! 19

വീണ്ടും വെടിപ്പുകകളാലിരുളിച്ചിടായ്വിൻ
ഭ്രാതാക്കളേ, വിപുലമായ വിയൽപഥത്തെ;
എല്ലാൎക്കുമൈക്യമൊടൊരേ തറവാട്ടിൽ വാഴാം,
നക്ഷത്രകോടികളാം വിളക്കുമിതിൻ ചുവട്ടിൽ! 20

Digitized By Kerala Sahitya Akademi

# അധഃപതനം

(കേക)

"എങ്ങൊളിപ്പിച്ചു നിന്റെപിള്ളരെപ്പെണ്ണേ?നിന്റെ
ഭംഗിയും ഭാവങ്ങളും കാണ്മാനല്ലിവൻ വന്നു."
ചീറിനാനൊരുവീട്ടിൽപ്പാഞ്ഞണഞ്ഞേവം പേർത്തും,
ചീനത്തു മത്താടുന്ന ജാപ്പുയോധരിലേകൻ.
അംഗന മന്ദം നീറിച്ചോദിച്ചു:—"ജപ്പാനെന്തി-
ന്നെങ്ങൾതൻ പൈതങ്ങളെക്കൊണ്ടുമണ്ടുന്നു നിത്യം?
ചീനരാജ്യത്തിൻ പിഞ്ചുകൈകളെപ്പോലും പേടി-
പ്പാനത്ര മൃദുവായിപ്പോയിതോ ഭവദ്വീര്യം?"
തന്വിയോടുടൻ തട്ടിക്കേറി പട്ടാളക്കാരൻ:—
"നന്നോടു കെഞ്ചിക്കൊഞ്ചാനില്ലെനിക്കവസരം
ഇപ്പകൽക്കുഞ്ഞിൻചോര ചോർത്തു പൂർവ്വാഹ്നത്തിൽ
കുപ്പികൾക്കകത്താക്കിക്കഴിയുന്നതോടൊപ്പം
അത്തൂറച്ചീനക്കുഞ്ഞിൻ ചോരവാറ്റണമെന്നാ-
ണിഞ്ഞങ്ങൾക്കധീശാജ്ഞ; കൊണ്ടുവാ നിന്മക്കളെ."
ചോദിച്ചാളവൾ വീണ്ടും:—"കേമമാം ജപ്പാൻനാട്ടിൽ-
പ്പൂതനാഗോത്രക്കാരോ, പുതിയ നിവാസികൾ,
ഭ്രാതൃവിദ്രോഹികളേ"—നിസ്സഹായതയിലും
ജ്യോതിസ്സൊന്നുദിച്ചിതാക്കുലസ്ത്രീയുടെ കണ്ണിൽ!
'കൊണ്ടുവാ നിന്മക്കളെശ്ശീഘ്രം'മെന്നാവർത്തിച്ചു-
കൊണ്ടു യോദ്ധാവോടയ്യോ, കുട്ടിയില്ലെനിക്കെന്നാൾ.

Digitized By Kerala Sahitya Akademi

"എത്ര ഭോഷ്ടി;-ല്ലത്രേ കുഞ്ഞിരുപത്തഞ്ചുവയ-
സ്സെത്തിയപെണ്ണിന്നെ,ന്തു ഷണ്ഡനോ നിൻകൂട്ടാളി?
എങ്കിൽ, നീ വരികൊരുപത്തുമാസത്താൽ ജപ്പാൻ-
പൊങ്കുഞ്ഞൊന്നുളവാംതേ; ഞാനിതാ വരംതന്നേൻ."
എന്നവൻ ബലാൽകൈക്കു പിടിച്ചാനബലയെ;
കന്ദർപ്പനായി ബാലാരനാഷിയ്ക്കുമേലാവിർപ്പോറം !
പിന്മാറിത്തെരുതെരെക്കിതയ്ക്കുമവൾതൻനേ-
ക്കുമത്ത്യമൃഗത്തിനു മറെറാന്നായ് മുഖഭാവം.
ചുരുട്ടിൻപുക പററിപ്പിടിച്ച പച്ചപ്പല്ലാൽ-
ച്ചിരിച്ചു,മിമയൊന്നുവെട്ടിച്ചും സവിലാസം,
ചുണ്ടുപൊത്തിയകയ്യാൽഗ്ഗോപ്യത സൂചിപ്പിച്ചു-
കൊണ്ടവൻ ചൂണ്ടിക്കാട്ടീ സന്താനരക്ഷോപായം:—
"കുട്ടിയെത്തരേണ്ടാ മേ; പകരമെന്മാറത്തൊ-
ന്നൊട്ടിച്ചാൽ മതി,യതിൻപാല്ക്കടങ്ങളെൻതങ്കം!"
മേന്മേലേ വിറകൊണ്ടു ഭാമിനി: ഭടൻെറയി-
സ്സൌമ്യത ശ്രൂക്ഷതയെത്തക്കാളും ഭീഷണമല്ലോ—
അപ്പൈം'പാൽക്കടങ്ങ'ളെയാക്രമിയ്ക്കയുംചെയ്തു
ദുർഭഗനുടെ ഹിംസാപാംസുലങ്ങളാം കൈകൾ;
'തങ്ക'മോ തരുണിമാർശ്ശിരസ്സിൽച്ചൂടേണ്ടുമ-
ച്ചെങ്കാൽകൊണ്ടൊരു ചവുട്ടവനു സമ്മാനിച്ചാൾ.
ഭത്താവൊരയ്യാണ്ടായിട്ടങ്ങിങ്ങു മാററാരോടു
യുദ്ധംവെട്ടുകയാണു മാതൃഭൂസംരക്ഷയ്ക്കായ്;
ഭായ്യയുമിതാ, പോരിലേപ്പെട്ടു മാനംകാക്കാൻ,
ശൌയ്യമിത്രയ്ക്കീയവീൻതീനികൾക്കെന്നുണ്ടായി !
മറിഞ്ഞുവീണപിടഞ്ഞെഴുന്നേററക്കാമാത്തൻ
കുരച്ചു, കലം നക്കിയേറേറ പട്ടിയ്ക്കൊപ്പം.

Digitized By Kerala Sahitya Akademi

“ആയിരം പെണ്ണുങ്ങളെച്ചൊവ്വിനു തെളിച്ചതാ-
ണീ,യെൻറ കൈച്ചമ്മട്ടി;നിന്നെയോമെരുക്കാത്തൂ?”
അച്ചാട്ടവാറാൽച്ചണ്ഡമൊന്നടിച്ചതോടൊപ്പം
നിശ്ചലം നിലംപററിപ്പോയി നിർദ്ദോഷയവൾ!
ഹാ, മറെറന്തൊരു ചീനക്കാരിയെയല്ലാ, ജന്മ-
ഭൂമിയെത്താനല്ലോ, നീ വീഴിച്ചു ജപ്പാൻകാരാ.

Digitized By Kerala Sahitya Akademi

# ആ പൊട്ടിച്ചിരി

(അന്നനട)

"ഗുരോ, മുപ്പത്തു-നാല്പത്തു കോടിയുയി-
രിരിപ്പതി,യ്യൊരു തിരുമെയ്യിലല്ലോ;
തപഃകൃശമാമിതി,'നിയൊരിക്കലു-
മുപവാസംകൊണ്ടു മെലിയായ്ക്കവേണം!"
ഇതിനു പല്ലില്ലാത്തൊരു പൊട്ടിച്ചിരി-
ക്കതിരത്രേ കിട്ടീ മറുപടിയായ് മേ.

ഇരുസംവത്സരത്തിനു മുമ്പാണോ,വ-
മറവിമൂഢമെന്നധൈര്യചാപലം
വിരഞ്ഞെത്തിക്കെട്ടിപ്പിടിച്ചതമ്മഹാ-
ഗുരുപാദങ്ങളെ,യിളംപൈതൽപോലേ:
ഭരതക്ഷോണിതൻ മസൃണമാം മണ്ണാൽ
വിരിയൊററി പൊതിഞ്ഞു,പാത്തവിശ്രമം,
മുറിയൊന്നിനുള്ളിൽക്കിടക്കുകയാണാ,-
ച്ചെറിയ മാനുഷൻ—മഹാത്മാവാം ഗാന്ധി.
അസന്മാർഗ്ഗപ്പൊടി പുരണ്ടിട്ടില്ലാത്ത
നിസർഗ്ഗപൂതമാം തദംഘ്രിയുഗ്മത്തിൽ
വടിപോലേ വീണിട്ടെണീററു നിന്നു ഞാൻ
മിടിച്ച നെഞ്ചോടേ, തൊഴുത കയ്യോടേ
നിരീക്ഷിച്ചേൻ വെള്ളം നിറഞ്ഞ കൺകൊണ്ടാ-
ച്ചിരദൃഷ്ടമായ ശുഭവിഗ്രഹത്തെ.
പരമഹംസനാലധിഷ്ഠിതമായ
പരിശുദ്ധതല്പമിരുവശത്തിലും

Digitized By Kerala Sahitya Akademi

പല കടലാസ്സിൻ മണൽത്തിട്ടകളാൽ
വിലസി, നിർമ്മലനദീജലംപോലേ.

"ഇരിയ്ക്കുകിങ്ങി;-ത്തു മമ പതിവില്ലു-
ള്ളൊരു സുകരമൺചികിത്സയാകുന്നു;
പരിശ്രമം വേണ്ടാ: ശരീരത്തിന്നുണ്ട
കരുത്തെ"ന്നായ് ക്കനിഞ്ഞരുൾചെയ്യുദ്ദേഹം.
നെടുംഖദർത്തുണിപ്പുതപ്പിനുള്ളിൽനി-
ന്നെടുത്തു കാട്ടിനാനുദാരമാം ഭുജം.
ശരി, ബലിഷ്ഠം താനസംഖ്യാധഃകൃത-
പ്പുരിഷയെസ്സമുദ്ധരിയ്ക്കുമക്കരം—
സ്വരാജ്യത്തിൻ തലക്കുറി തിരുത്തിയ
ഗരിഷ്ഠമാം തൂവൽ വഹിയ്ക്കുമക്കരം!

സുരമ്യമപ്പൊട്ടിച്ചിരിയിതാ, നമ്മെ-
ക്കരയിയ്ക്കുമതിൻ പൊരുൾ വെളിവാക്കി.
ഹര, ഹര, വീണ്ടുമുപവാസാഗ്നിയി-
ലിറങ്ങിനാനല്ലോ, സ്ഥിരവിനിശ്ചയൻ!
ജവഹർലാലെങ്ങു? സുഹൃത്താസാദെങ്ങു?
ജവാൽ നിൽത്തിയ്ക്കുകിക്കൊടുംതപഃക്ലേശം:
അവിടുന്നു ജീവിച്ചിരിയ്ക്കുന്നുണ്ടെങ്കി-
ലപവശതയിലും സ്വതന്ത്രരിന്ത്യക്കാർ;
അവിടുത്തോടു വേർപെടുകിലോ, മുക്ത്യു-
ത്സവത്തിലുമിവർ തടവുപുള്ളികൾ!

പരിശമിയ്ക്കട്ടെയമംഗളം: ഹാ, ഹാ,
പുരാതനതപോധനരുടെ രക്തം

Digitized By Kerala Sahitya Akademi

ഞെരമ്പോരോന്നിലും പകർന്നൊഴുകുമീ
നിരഘദേഹത്തെ നിലതെററിക്കുവാൻ
നിനക്കുണ്ടോ കഴിവു,നാഹാരത്വമേ?
പുനരപി പൂകും പരാജയത്തിൽ നീ!
ഖ്യാതി നേടിയ ജന്മഭൂവിനെയും,
പടപ്പുക വിട്ട സുരപഥത്തെയും,
ഇടരററ ലോകത്തെയും ചിരം കാണാ-
തടയുകയില്ലീദ്ദയാർദ്രമാം നേത്രം!

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഗാന്ധിസം

മഹാത്മാഗാന്ധിയുടെ ജീവിതതത്വങ്ങളെ സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ലഘുഗ്രന്ഥം ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ഗ്രന്ഥകർത്താ: കെ. എം. സി. നാരായണൻനമ്പൂതിരിപ്പാട് ബി. എ. മഹാത്മജിയുടെ എഴുപത്തഞ്ചാമത്തെ ജന്മദിനത്തിന്നു് അന്നു് പുറത്തുവരുന്നതാണ്.

**VELLINAZHI PUBLISHING HOUSE,**

Sultanpet, PALGHAT.

## STUDENTS' FASHION HOME & BOOK STALL,

Sultanpet, PALGHAT.

വിദ്യാർത്ഥികൾക്ക് അത്യാവശ്യങ്ങളായ വിവിധ പുസ്തകങ്ങളും, ആരെയും ആകർഷിക്കുന്ന കൗതുകസാധനങ്ങളും, വിനോദത്തിന്നും വിജ്ഞാനത്തിന്നും പറ്റിയ വിശിഷ്ടഗ്രന്ഥങ്ങളും, വിശേഷിച്ചും മലയാളത്തിലെ മഹൽപുസ്തകങ്ങളും സകലവും—ഇവയാവശ്യമുള്ളവർ, പുതുതായി ഞങ്ങൾ തുടങ്ങീട്ടുള്ള കച്ചവടം സന്ദർശിക്കുക; അധികവിവരത്തിന്നെഴുതിച്ചോദിക്കുക.

**Pro: O. M. BROTHERS,**

Sultanpet, PALGHAT.

Digitized By Kerala Sahitya Akademi

ഞങ്ങളുടെ പ്രസിദ്ധീകരണങ്ങൾ

# ഭാരതജനനി കസ്തൂർബാ

## മഹാത്മാവിന്റെ സഹധർമ്മിണിയുടെ ജീവചരിത്രം.

ഗ്രന്ഥകർത്താ:

ഒ. എം. സി. നാരായണൻനമ്പൂതിരിപ്പാട്.

വന്ദ്യദമ്പതിമാരുടെ ഒരു ആകർഷകമായ പടം, മഹാകവി വള്ളത്തോളിന്റെ ഒരു മികച്ച കവിത, മേന്മയേറിയ അച്ചടി. ഇങ്ങിനെ അകവും പുറവും ഒരുപോലെ കമനീയമായ പ്രസിദ്ധീകരണം

# പരലോകം

(മഹാകവി വള്ളത്തോൾ)

മഹാകവി അപ്പോഴപ്പോഴായി എഴുതിയ ചരമകവിതകൾ. സുപ്രസിദ്ധ സാഹിത്യകാരന്മാരുടേയും രാഷ്ട്രീയനേതാക്കന്മാരുടേയും വിയോഗത്തെക്കുറിച്ചുള്ള കവിതകളുടെ ഒരു നൂതനസമാഹാരം.

വില ഒന്നര ഉറപ്പിക.

## സ്റ്റുഡൻറ്സ് ഫാഷൻഹോം ആൻറ് ബുക്ക്സ്റ്റാൾ, സുൽത്താൻപേട്ട, പാലക്കാട്.

Digitized By Kerala Sahitya Akademi